## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2837 20.07.2011 -ൽ മറുപടിയ്ക്ക്

## കാവുകൾ സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.കെ.ലതിക | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ക്ഷേത്രങ്ങളോടനുബന്ധിച്ചുളള കാവുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി തെരഞ്ഞെടുക്കപ്പെട്ട കാവുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു ;-<br>1. കാവുകളിലെ സസ്യ ജന്തു വൈവിധ്യം തിട്ടപ്പെടുത്തൽ.<br>2. പരിപാലനത്തിന് ആവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാക്കാക്കൽ.<br>3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യ വളർച്ചക്കാവശ്യമായ സാഹചര്യം ഒരുക്കുക. കളനിർമ്മാർജ്ജനം ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.<br>4. സംരക്ഷണത്തിനായി കാവിനുചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കൽ.<br>5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽരണ പ്രവർത്തനങ്ങൾ നടത്തൽ. |

(ബി) കാവുകൾക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ ;

(സി) എങ്കിൽ ആയത് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

(ബി) ഉം (സി) ഉം ഉണ്ട്. തെരഞ്ഞെടുത്ത കാവുകളുടെ ഉടമകൾ തയ്യാറാക്കി സമർപ്പിക്കുന്ന മൈക്രോപ്ലാനുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**